(ബി) എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

(സി) എസ്റ്റിമേറ്റ് തയ്യാറാക്കി ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ഡി&ഇ) ലെവൽസ് എടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ബി.എം.ആന്റ് ബി.സി. സാങ്കേതികവിദ്യയിൽ നിർമ്മിക്കപ്പെട്ട റോഡുകൾ

241(3127) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബി.എം.ആന്റ് ബി.സി. സാങ്കേതിക വിദ്യയിൽ നിർമ്മിക്കപ്പെട്ട റോഡുകൾ നിശ്ചിത കാലാവധിക്കുള്ളിൽ പുനരുദ്ധാരണ പ്രവൃത്തികൾ നടത്താത്തതു കാരണം തകർന്ന് ഗതാഗത യോഗ്യമല്ലാതായിത്തീരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എല്ലാ ജില്ലകളിലും അത്തരം റോഡുകൾ പരിശോധിച്ച് നിശ്ചിത കാലാവധിക്കുളളിൽ അവ പുനരുദ്ധരിച്ച് അവയുടെ ഗുണമേന്മ നിലനിർത്തുവാനും അതുവഴി സർക്കാരിനുണ്ടാകുന്ന അധിക ചെലവ് ഒഴിവാക്കുവാനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ബി.എം. ആന്റ് ബി.സി. സാങ്കേതികവിദ്യയിൽ നിർമ്മിക്കപ്പെട്ട റോഡുകൾ നിശ്ചിത കാലാവധിക്കുള്ളിൽ പുനരുദ്ധാരണ പ്രവൃത്തികൾ നടത്താത്തതു കാരണം തകർന്ന് ഗതാഗത യോഗ്യമല്ലാതായിത്തീരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പി.ഡബ്ല്യു ഡി. റസ്റ്റ് ഹൗസുകളിലെ കെയർടേക്കർ നിയമനം സംബന്ധിച്ച്

242(3128) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി കെട്ടിട നിർമ്മാണം പൂർത്തീകരിച്ച പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസുകളിൽ ആവശ്യത്തിന് ജീവനക്കാരും കെയർടേക്കർമാരും ഇല്ലാത്തതിനാൽ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാനാകാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരം കാണുവാൻ പൊതുമരാമത്തു വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കട്ടുത്തുരുത്തി പി.ഡബ്ല്യു .ഡി. റസ്റ്റ് ഹൗസിൽ കെയർടേക്കർ നിയമനവും പുതിയ പോസ്റ്റുകൾ രൂപീകരിക്കുന്നതും സംബന്ധിച്ച് ചീഫ് എഞ്ചീനീയർക്ക് നൽകിയിരുന്ന നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; റസ്റ്റ് ഹൗസിന്റെ പ്രവർത്തനത്തിന് താൽക്കാലിക ജീവനക്കാരെയെങ്കിലും നിയമിച്ച് പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പൊതുമരാമത്ത് വകപ്പിൽ അധികമായുള്ളവരിൽ, യോഗ്യതയുള്ള ജീവനക്കാരെ പുനർവിന്യസിച്ചുകൊണ്ട് റസ്റ്റ് ഹൗസ് പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പി.ഡബ്ല്യു.ഡി. മാന്വൽ പരിഷ്കരണം

243(3129) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യു.ഡി. മാന്വൽ പരിഷ്കരണത്തിന് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) പി.ഡബ്ല്യു.ഡി. മാന്വൽ കാലോചിതമായി പരിഷ്കരിച്ച് G.O.(P)No. 13/2012/PWD തീയതി 1-2-2012 പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പിന്റെ ആധുനികവത്ക്കരണത്തിന് ഇത് വളരെയധികം സഹായകമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പണിയുടെ ഗുണ നിലവാരം, ഉദ്യോഗസ്ഥരുടെയും കരാറുകാരുടെയും കാര്യക്ഷമത എന്നിവയിൽ പ്രകടമായ മാറ്റം ഉണ്ടാകുമെന്ന് കരുതുന്നു. വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly